LIBRARY ARCHIVES Kerala Legislative Assembly

പോലീസിലെ അഴിമതി

41 [1617] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോലീസിൽ വളരെയധികം ഉദ്യോഗസ്ഥർ അഴിമതിയ്ക്കു വിധേയരാകുന്നുവെന്ന ഡി.ജി.പി.-യുടെ അഭിപ്രായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യം അന്വേഷിക്കാനും ആവശ്യമായ നടപടികൾ സ്വീകരിക്കുവാനും തയ്യാറാകുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇത്തരം ഉദ്യോഗസ്ഥന്മാരെപ്പറ്റി അന്വേഷിച്ച് വകുപ്പുതലത്തിൽ നടപടി സ്വീകരിച്ചുവരുന്നുണ്ട്. ആവശ്യമായ കേസുകളിൽ വിജിലൻസ് ഡിപ്പാർട്ട്മെന്റിനെ അന്വേഷണം ഏൽപ്പിക്കാറുമുണ്ട്.

ഐ.പി.എസ്. കൺഫർ ചെയ്തു കിട്ടിയ പോലീസുദ്യോഗസ്ഥന്മാർ

42 [1618] ശ്രീ. കെ. മുഹമ്മദാലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന പോലീസ് ഓഫീസർമാർക്ക് ഐ.പി.എസ്. കൺഫർ ചെയ്തു നൽകുന്നതിന് സ്വീകരിച്ചുവരുന്ന മാനദണ്ഡം എന്താണെന്ന് വെളിപ്പെടുത്താമോ;

(ബി) സർവ്വീസിൽ നിന്നും വിരമിച്ച ആർക്കെല്ലാമാണ് സമീപകാലത്ത് ഐ.പി.എസ്. നൽകിയിട്ടുള്ളത്;

(സി) ഇതിന്റെ അടിസ്ഥാനത്തിൽ പുനർനിയമനം നൽകിയിട്ടുള്ളവരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ഡി) അർഹതയുള്ള ആരെയെങ്കിലും ഒഴിവാക്കിയതായി പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) ഈ പരാതിയിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്ത് എന്ന് വെളിപ്പെടുത്തുമോ;

(എഫ്) നടപടികൾ പൂർത്തിയാക്കി ഈ പരാതിയിന്മേൽ അടിയന്തിരമായി തീർപ്പു കൽപ്പിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1955-ലെ ഐ.പി.എസ്. (അപ്പോയിന്റ്മെന്റ് ബൈ പ്രൊമോഷൻ) റെഗുലേഷനിലെ മാനദണ്ഡങ്ങളനുസരിച്ചാണ് സംസ്ഥാന പോലീസ് ഓഫീസർമാർക്ക് ഐ.പി.എസ്. കൺഫർ ചെയ്തുകൊടുക്കുന്നത്.

(ബി ആന്റ് സി) സർവ്വീസിൽ നിന്നും വിരമിച്ച സർവ്വശ്രീ. എ. റ്റി. ജോസ്, വർഗ്ഗീസ് ജോർജ്ജ്, എം. വി. സോമസുന്ദരൻ, വി. വി. മോഹനൻ, എം. വഹാബ്, റ്റി. പി. രാജഗോപാലൻ, പി. ഐ. വർഗ്ഗീസ്, കെ. ബാലകൃഷ്ണ കുറുപ്പ് എന്നീ സംസ്ഥാന പോലീസ് ഓഫീസർമാർക്കാണ് ഐ.പി.എസ്. നൽകിയിട്ടുള്ളത്.

(ഡി—എഫ്) അർഹതയുള്ള ആരെയും ഒഴിവാക്കിയിട്ടില്ല.

എസ്.എ.പി.-യിൽ നിന്നും എ.ആർ.-ലേക്കുള്ള ട്രാൻസ്ഫർ

43 [1619] ശ്രീ. എം. പി. ഗംഗാധരൻ:

,, ജോർജ് ജെ. മാത്യു:

,, വർക്കല കഹാർ:

,, സി. പി. മുഹമ്മദ്:

,, ഡി. സുഗതൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) എത്ര പോലീസ് കോൺസ്റ്റബിൾമാർ എസ്.എ.പി.-യിൽ നിന്നും തിരുവനന്തപുരം എ.ആർ.-ലേക്ക് ട്രാൻസ്ഫർ ആകാൻ കഴിയാത്തതായുണ്ട്;

(ബി) മെഡിക്കൽ ലീവിലും ഡെപ്യൂട്ടേഷനിലും ആയതിനാൽ എ.ആർ.-ലേക്ക് ട്രാൻസ്ഫറിന് യഥാസമയം വില്ലിംഗ്നസ് കൊടുക്കാതിരിക്കുകയും എ.ആറിലേക്ക് പോകാൻ വില്ലിംഗ് ആയിട്ടുള്ളതുമായ ഇവരെ ജൂനിയർ പോയാൽ സീനിയറിന് പോകാൻ കഴിയില്ല എന്ന ഉത്തരവിന്മേൽ ബറ്റാലിയനിൽ നിലനിർത്തിയിട്ടുണ്ടോ;

(സി) തിരുവനന്തപുരം എ.ആർ.-ൽ ഇപ്പോൾ ഉള്ള ഒഴിവിലേക്ക് മുൻകാലങ്ങളിലേതുപോലെ മേഴ്സി ചാൻസ് നൽകി ഇവരെ ട്രാൻസ്ഫർ ചെയ്യുമോ എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ—സി) വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly